ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, നബാർഡ് സഹായത്തോടുകൂടി നടപ്പിലാക്കിവരുന്നതും പുതിയതായി തുടങ്ങേണ്ടതുമായ പല പദ്ധതികൾക്കും പ്ലാനിംഗ് ബോർഡിൽനിന്ന് പ്ലാൻ അലോക്കേഷൻ ലഭിക്കാത്തതുകാരണം ബഡ്ജറ്റിൽ തുക വകകൊള്ളിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ കാര്യം ഭരണവകുപ്പു പ്ലാനിംഗ് ബോർഡുമായി ബന്ധപ്പെട്ട് ആവശ്യമായ പ്ലാൻ അലോക്കേഷൻ ലഭ്യമാകുന്ന മുറയ്ക്ക് ബഡ്ജറ്റിൽ തുക ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(5) ചെമ്മുലങ്ങോട് എസ്.വി.എ.എൽ.പി. സ്കൂൾ കെട്ടിടം റിപ്പയർ ചെയ്ത് സ്കൂൾ പ്രവർത്തനം പുനരാരംഭിക്കണമെന്ന ആവശ്യം

ശ്രീ. വി. കെ. ചന്ദ്രൻ : സർ, തൃത്താല അസംബ്ലി നിയോജകമണ്ഡലത്തിലെ പട്ടാമ്പി ഉപവിദ്യാഭ്യാസ ജില്ലയിൽപ്പെട്ട പരതൂർ പഞ്ചായത്തിലെ എസ്.വി.എ.എൽ.പി. സ്കൂൾ കെട്ടിടം റിപ്പയർ ചെയ്ത് പഠന സൗകര്യമേർപ്പെടുത്തണം. സ്കൂളിന്റെ ഒരു ഭാഗം തകർന്നുപോയി. മേൽക്കൂരയും ഏതു നിമിഷവും തകർന്നുപോകുമെന്ന ഘട്ടത്തിലാണ്. മുന്നൂറോളം കുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനത്തിൽ ജീവൻ ഭയന്ന് രക്ഷകർത്താക്കൾ കുട്ടികളെ അയയ്ക്കുന്നില്ല. അതുകൊണ്ട് ആ സ്കൂളിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. മറ്റു സ്കൂളുകളൊക്കെ കിലോമീറ്ററുകളോളം അകലെയാണ്. അതുകൊണ്ട് ഈ കുട്ടികൾക്ക് മറ്റു സ്കൂളുകളിൽ പോകാൻ കഴിയുന്നില്ല. ആ പ്രദേശത്തെ കുട്ടികളുടെ വിദ്യാഭ്യാസം ഇപ്പോൾ മുടങ്ങിയിരിക്കുകയാണ്. ആ സ്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി അടിയന്തരമായി നടത്തി അവിടെ പഠനസൗകര്യങ്ങൾ ഏർപ്പെടുത്തണം. അല്ലെങ്കിൽ ആ സ്കൂൾ സർക്കാർ ഏറ്റെടുത്ത് ആ പ്രദേശത്തെ കുട്ടികളുടെ പഠനസൗകര്യം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം.

മി. സ്പീക്കർ : പ്രൈവറ്റ് സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്നാണോ പറയുന്നത് ?

ശ്രീ. വി. കെ. ചന്ദ്രൻ : അല്ലാതെ വേറെ എന്തു ചെയ്യും, ഒട്ടനവധി സ്കൂളുകൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. അല്ലാതെ എന്തു ചെയ്യാൻ ? കുട്ടികൾക്കു പഠിക്കണ്ടേ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി) : സർ, പട്ടാമ്പി ഉപജില്ലയിലെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച വിദ്യാലയം ഉപയോഗയോഗ്യമല്ലെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അതു താൽക്കാലികമായി റിപ്പയർ ചെയ്യാനുള്ള നിർദ്ദേശം കൊടുത്തു. 7 ക്ലാസ്സുകൾ 8-7-2003 മുതൽ ഒരു മദ്രസാ കെട്ടിടത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി നടത്തിക്കാനും 31-7-2003-നു മുമ്പ് പണി പൂർത്തിയാക്കാനും ഡി.ഇ.ഒ.-യ്ക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. സർക്കാർ ആ സ്കൂൾ ഏറ്റെടുക്കേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly